പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4806 1-7-2013 -ൽ മറുപടിയ്ക്ക്.

ആശ്രിതനിയമനത്തിനുള്ള അപേക്ഷകൾ

| ചോദ്യം<br>ശ്രീ. അബ്ദുൽ റഹിമാൻ രണ്ടത്താണി. | ഉത്തരം<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി ) |
|---|---|
| (എ) സംസ്ഥാനത്ത് ആശ്രിതനിയമനത്തിനായി അപേക്ഷ നൽകി കാത്തിരിക്കുന്നവരുടെ വിവരം വകുപ്പ് തിരിച്ച് നൽകാമോ ; | (എ) ആശ്രിത നിയമന പദ്ധതി പ്രകാരം, സർക്കാർ സർവ്വീസിലിരുന്ന് മരണമടയുന്ന ആശ്രിതന്റെ അപേക്ഷ സർക്കാർ തലത്തിൽ പരിശോധിച്ച് അപേക്ഷകൻ താൻ ആവശ്യപ്പെട്ടിരിക്കുന്ന തസ്തികയ്ക്ക് യോഗ്യനാണെന്ന് ഉത്തരവാകുമ്പോഴാണ് അപേക്ഷ സാധുവായി കണക്കാക്കാവുന്നത്. അത്തരത്തിൽ സർക്കാർ യോഗ്യരാണെന്ന് നിശ്ചയിച്ചിട്ടും മാതൃവകുപ്പുകളിൽ / നിയമനാധികാരികളുടെ കീഴിൽ ഒഴിവുകളില്ലാത്തതിനാൽ നിയമനം നൽകാൻ സാധിക്കാത്തതായി, വകുപ്പുമേധാവികൾ ലഭ്യമാക്കിയിരിക്കുന്ന കണക്കുകളുടെയും 24-5-99 ലെ G.O (P) 12/99/P&ARD സർക്കാർ ഉത്തരവിലെ ഖണ്ഡിക 33 അനുസരിച്ച് മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് നിർണ്ണയിച്ച് നൽകാനായി പൊ.ഭ.(സി.ഇ) സെൽ വകുപ്പിലേക്ക് സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ മുഖാന്തിരം ലഭിച്ച പ്രൊഫോർമ വിവരങ്ങളുടെയും അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി, 426 അപേക്ഷകർ പൊതുഭരണ (സി.ഇ. സെൽ ) വകുപ്പിൽ നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വകുപ്പ് | | അപേക്ഷകരുടെ എണ്ണം |
|---|---|---|
| 1.ഐ.ജി. രജിസ്ട്രേഷൻ | - | 2 |
| 2. ആരോഗ്യവകുപ്പ് ഡയറക്ടേറ്റ് | - | 113 |
| 3. ഭാരതീയ ചികിത്സാവകുപ്പ് | - | 21 |
| 4. ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് | - | 4 |
| 5. എൻ.സി. സി. വകുപ്പ് | - | 5 |
| 6. പൊതുവിദ്യാഭ്യാസ വകുപ്പ് | - | 104 |
| 7. പൊതുമരാമത്ത് വകുപ്പ് | - | 24 |
| 8. സബോർഡിനേറ്റ് ജുഡീഷ്യറി വകുപ്പ് | - | 6 |
| 9. നഗരകാര്യ വകുപ്പ് | - | 16 |
| 10. മൃഗസംരക്ഷണവകുപ്പ് | - | 30 |

| | |
|---|---|
| | <u>സെക്രട്ടേറിയറ്റിലെ ഭരണവകുപ്പുകൾ മുഖാന്തിരം ലഭിച</u><br><u>അപേക്ഷകരുടെ ലിസ്റ്റ്</u><br><br>തസ്തിക — എണ്ണം<br><br>അസിസ്റ്റന്റ് - 11<br>ലീഗൽ അസിസ്റ്റന്റ് - 1<br>ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിൽ ആഡിറ്റർ - 1<br>ലോവർ ഡിവിഷൻ ക്ലാർക്ക് - 85<br>ഡ്രൈവർ - 1<br>വി. ഇ. ഒ / എൽ വി. ഇ. ഒ - 2<br>----------<br>ആകെ 426 |
| (ബി) ആശ്രിതനിയമനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി എടുത്ത നടപടികൾ വ്യക്തമാക്കുമോ ; | (ബി) G.O (P) 12/99/P&ARD സർക്കാർ ഉത്തരവിലെ ഖണ്ഡിക 33 അനുസരിച്ച് മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ ഒഴിവ് നിർണ്ണയിച്ച് നൽകാനായി പൊ.ഭ (സി.ഇ ) സെൽ വകുപ്പിൽ രജിസ്റ്റർ ചെയ്തിരുന്ന ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാനായി സർക്കാർ 549 സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുകയും, നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. സർക്കാരിൽ നിന്ന് നിയമനാനുമതി ലഭിച്ചിട്ടും മാതൃവകുപ്പുകളിൽ ഒഴിവില്ലാത്തതിനാൽ, ഇനിയും നിയമനം ലഭിക്കാത്തവരുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആശ്രിതനിയമനത്തിനായി എത്ര അപേക്ഷകൾ നിലവിലുണ്ടായിരുന്നുവെന്നും അതിൽ എത്ര പേർക്ക് നിയമനം നൽകിയെന്നും വിശദമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 31-12-11 വരെ ഉണ്ടായിരുന്ന സാധുവായ അപേക്ഷകളിൽ 549 അപേക്ഷകൾ പരിഗണിച്ച് തസ്തികകൾ നിലവിലില്ലാത്തതിനാൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് 549 പേർക്കും നിയമനം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ